പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 540 **13-10-2026-ൽ മറുപടിയ്ക്ക്**

എ.ഐ. മേഖലയിലെ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) എ. ഐ. മേഖലയിലെ വികസനത്തിനായി ഇന്ത്യയിലാദ്യമായി ഒരു പ്രത്യേക കാബിനറ്റ്തല എ.ഐ. പോർട്ട്ഫോളിയോ/മന്ത്രാലയം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രധാന ലക്ഷ്യം വിശദമാക്കുമോ;

മറുപടി:

ഈ സർക്കാർ അധികാരമേറ്റപ്പോൾ ഇന്ത്യയിൽ ആദ്യമായി എ.ഐ.ക്കായി വകുപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പ് ഇപ്പോൾ വിവരസാങ്കേതികവിദ്യാ നിർമ്മിതബുദ്ധി, ഭാവി സാങ്കേതികവിദ്യാ വകുപ്പായി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

വകുപ്പുകളിലെ എ.ഐ. നയവും ഉപയോഗവും ഏകോപിപ്പിക്കുക.

ഭരണവും സേവന വിതരണവും മെച്ചപ്പെടുത്താൻ എ.ഐ. ഉപയോഗിക്കുക.

എ.ഐ. സ്റ്റാർട്ടപ്പുകൾ, നിക്ഷേപം, ഗവേഷണം, കമ്പ്യൂട്ടിങ് അടിസ്ഥാനസൗകര്യം എന്നിവ പ്രോത്സാഹിപ്പിക്കുക.

തൊഴിൽശക്തിയെ സജ്ജമാക്കുക; ഉത്തരവാദിത്തപൂർണവും ധാർമികവുമായ ഉപയോഗം ഉറപ്പാക്കുക.

K-AIM (കേരള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മിഷൻ) പ്രോഗ്രാം വകുപ്പിന്റെ നേതൃത്വത്തിൽ കെ.എസ്.ഐ.ടി.എം. മുഖേന നടപ്പാക്കുന്നു.

(ബി) ഫയൽ നീക്കങ്ങൾ വേഗത്തിലാക്കാനും രേഖകൾ ചുരുക്കി തയ്യാറാക്കാനും ഭൂമി ഏറ്റെടുക്കൽ നടപടികൾ ലളിതമാക്കാനും എ.ഐ. സാങ്കേതികവിദ്യ വിവിധ മേഖലകളിൽ പരിചയപ്പെടുത്തുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

മറുപടി:

MeitY-യുടെ സഹായത്തോടെ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയെ നിർവഹണ ഏജൻസിയായി നിശ്ചയിച്ച്, Centre for AI in Keralam (CAIK) എന്ന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. AI ഗവേഷണം, AI-അധിഷ്ഠിത സ്റ്റാർട്ടപ്പുകളുടെ വികസനം, കകേരളത്തിന്റെ ഉയർന്ന സാക്ഷരതാ നിരക്ക്, ഡിജിറ്റൽ സേവനങ്ങളുടെ വ്യാപനം, സാങ്കേതികവിദ്യാധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ എന്നിവ AI മേഖലയിലെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു. ഡിജിറ്റൽ സാക്ഷരത ശക്തിപ്പെടുത്തുന്നതിലൂടെയും തദ്ദേശീയ AI സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക, ഭരണപരമായ വികസനത്തിന് ഗണ്യമായ

സംഭാവന നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.ബ്യൂട്ടിങ് അടിസ്ഥാനസൗകര്യങ്ങളുടെ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇ-ഗവേണൻസ്, പൊതുഭരണ സംവിധാനങ്ങൾ എന്നിവയും കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനമേഖലകളിൽ ഉൾപ്പെടുന്നു.

രേഖാസംക്ഷേപം: കുറിപ്പുകൾ, കത്തിടപാടുകൾ, റിപ്പോർട്ടുകൾ എന്നിവയുടെ സംഗ്രഹം ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കാൻ ലാംഗ്വേജ് മോഡലുകൾ നിയന്ത്രിത രീതിയിൽ ഉപയോഗിക്കാൻ ഒരുങ്ങുകയാണ്. ഇവ സ്റ്റേറ്റ് ഡാറ്റ സെന്റർ പോലുള്ള സർക്കാർ നിയന്ത്രണത്തിലുള്ള സൗകര്യത്തിൽ, സ്റ്റേറ്റ് ഡാറ്റാ പോളിസിക്കും ഡാറ്റാ സംരക്ഷണ ചട്ടങ്ങടിനും വിധേയമായി പ്രവർത്തിക്കും. തീരുമാനത്തിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥനിൽ തന്നെ നിക്ഷിപ്തമായിരിക്കും.

ഭൂമി ഏറ്റെടുക്കൽ: ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ഒരു A.I സംവിധാനം സർക്കാർ നിലവിൽ വികസിപ്പിച്ചിട്ടില്ല.

(സി) ശക്തമായ ഡിജിറ്റൽ സാക്ഷരതയും തദ്ദേശീയമായ എ.ഐ. സ്റ്റാർട്ടപ്പുകളും സംസ്ഥാനത്തിന്റെ ഭാവി പുരോഗതിക്ക് നൽകുന്ന സാധ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> കേരളത്തിന്റെ ഉയർന്ന സാക്ഷരതാ നിരക്ക്, ഡിജിറ്റൽ സേവനങ്ങളുടെ വ്യാപനം, സാങ്കേതികവിദ്യാധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ എന്നിവ AI മേഖലയിലെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു. ഡിജിറ്റൽ സാക്ഷരത ശക്തിപ്പെടുത്തുന്നതിലൂടെയും തദ്ദേശീയ AI സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക, ഭരണപരമായ വികസനത്തിന് ഗണ്യമായ സംഭാവന നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) എ.ഐ. സാങ്കേതികവിദ്യ കൂടുതൽ പ്രചാരത്തിലാക്കുന്നതിനായി വിവരസാങ്കേതികവിദ്യാ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> AI സാങ്കേതികവിദ്യയുടെ പ്രയോജനം പൊതുജനങ്ങളിലേക്കും സർക്കാർ ജീവനക്കാരിലേക്കും വിദ്യാർത്ഥികളിലേക്കും സംരംഭകരിലേക്കും വ്യാപിപ്പിക്കുന്നതിനായി പരിശീലനം, ഗവേഷണം, സ്റ്റാർട്ടപ്പ് പിന്തുണ, മലയാളം ഭാഷാ സാങ്കേതികവിദ്യയുടെ വികസനം, ഉത്തരവാദിത്തപൂർണമായ AI വിനിയോഗം എന്നിവയ്ക്ക് മുൻഗണന നൽകി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

എ.ഐ. സാക്ഷരത: ഇ-വിദ്യ വഴി, ICTAK, ICFOSS എന്നിവയുടെ സഹകരണത്തോടെ ഏകദേശം 2,00,000 പേരെ ലക്ഷ്യമിടുന്ന എ.ഐ. സാക്ഷരതാ പരിപാടി ആരംഭിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് K-AI-യുടെ ഭാഗമായ VidyAI പദ്ധതി വഴി AI ടൂളുകളുടെ ഉപയോഗം, പ്രസന്റേഷനും പ്രോജക്ട് തയ്യാറാക്കൽ, ഡാറ്റാ വിശകലനം, പ്രോംപ്റ്റ് എൻജിനീയറിങ് എന്നിവയിൽ പ്രായോഗിക പരിശീലനം 2,500-ലധികം ജീവനക്കാർക്ക് നൽകി; ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്ക് പ്രത്യേക വെബിനാറുകളും പരിപാടികളും.

സ്കൂളും ഉന്നതവിദ്യാഭ്യാസവും: പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് എ.ഐ. പാഠഭാഗങ്ങളും അധ്യാപക പരിശീലനവും; വിദ്യാ കേരളം പ്ലാറ്റ്ഫോം.

സ്റ്റാർട്ടപ്പ് പിന്തുണ: കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി ചലഞ്ചുകൾ, ഇൻകുബേഷൻ, സർക്കാർ വകുപ്പുകളുമായി പൈലറ്റ് അവസരങ്ങൾ.

മലയാള എ.ഐ. വിഭവങ്ങൾ: ICFOSS മുമായി ചേർന്നുകൊണ്ട് ഒരു മലയാളം വികസിപ്പിക്കുന്നതിന് തുടക്കം കുറിക്കും. അതോടൊപ്പം മലയാളം ഡാറ്റാസെറ്റുകളും ഭാഷാ ഉപകരണങ്ങളും

വികസിപ്പിക്കുകയും ജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റിയ രീതിയിൽ അത് വിന്യസിക്കുകയും ചെയ്യും.

പരിപാടികളും പ്രചാരണവും: വ്യവസായം, ഗവേഷകർ, സ്റ്റാർട്ടപ്പുകൾ, സർക്കാർ എന്നിവരെ ചേർത്ത് എ.ഐ. കോൺക്ലേവുകളും ഉച്ചകോടികളും സംഘടിപ്പിക്കൽ.

ഭരണപരമായ മാർഗരേഖകൾ: സ്വകാര്യതയ്ക്കും ഉത്തരവാദിത്തത്തിനും ഹാനിയില്ലാതെ എ.ഐ. ഉപയോഗിക്കാനുള്ള മാർഗനിർദേശങ്ങൾ AI പോളിസിലൂടെ നടപ്പിലാക്കും.

സെക്ഷൻ ഓഫീസർ